(സി) പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് സമയബന്ധിതമായി പരിഹരിക്കാൻ എന്ത് നടപടിയാണ് സർക്കാർ എടുക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.യിലെ ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണവും പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യവും താഴെ കൊടുക്കുന്നു.

കാറ്റഗറി	ജീവനക്കാരുടെ എണ്ണം		
	ആകെ	പട്ടികജാതി	പട്ടികവർഗ്ഗം
എക്സിക്യൂട്ടീവ് മിഡിൽ ലെവൽ	7	-	-
എക്സിക്യൂട്ടീവ് ലോവർ	265	17	-
കാറ്റഗറി			
വർക്കേഴ്സ്	2240	220	15
കാറ്റഗറി			
വർക്കേഴ്സ്			
കാറ്റഗറി	400	58	7

(ബി)& (സി) പട്ടികജാതി/പട്ടികവർഗ്ഗവിഭാഗ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് കാറ്റഗറിയിൽ പട്ടികജാതിയിൽപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി എന്നീ വിഭാഗങ്ങളിൽ പി.എസ്.സി. വഴി സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർക്കർ കാറ്റഗറിയിലെ പ്രാതിനിധ്യക്കുറവ് ആ വിഭാഗത്തിൽ ഇനി നിയമനം നടത്തുമ്പോൾ പരിഹരിക്കുന്നതാണ്.

23 (986) കെ.എഫ്.സി. ക്ക് ഉണ്ടായ ലാഭം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ പത്തു വർഷത്തിൽ ഓരോ വർഷവും കെ.എഫ്.സി. ക്ക് ഉണ്ടായ ലാഭത്തിന്റെ കണക്ക് വിശദീകരിക്കുമോ?

ഉത്തരം

ലാഭത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	ലാഭം (ലക്ഷത്തിൽ)
1989-90	73.15
1990-91	112.19
1991-92	89.94
1992-93	141.14

LIBRARY ARCHIVES Kerala Legislative Assembly

1993-94	141.56
1994-95	188.00
1995-96	979.00
1996-97	1453.00
1997-98	1148.00
1998-99	1156.00

(പ്രൊവിഷണൽ)

24 (987) വസ്തു ഇടപാടിലെ ക്രമക്കേട്

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മുനിസിഫ് കോർട്ടിലെ ഒ.എസ്.113/91 ലെ ഇൻജംഗ്ഷനു വിപരീതമായി ശ്രീ. വി.എം. മാത്യുവിന് എം.എസ്. സംഗമ റബ്ബേഴ്സിന്റെ വസ്തു നൽകാമെന്ന് പറഞ്ഞ് കെ.എഫ്.സി.307,500/രൂപ വാങ്ങിയിട്ടുണ്ടോ;

(ബി) ഈ ഇടപാട് കെ.എഫ്.സി.യുടെ ഭാഗത്ത് നിന്നും കബളിപ്പിക്കലാണെന്ന് ശ്രീ. വി.എം. മാത്യു ചൂണ്ടികാണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ തുക ന്യായമായ പലിശയോടു കൂടി തിരിച്ചുകൊടുക്കാത്തത് എന്താണ് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇൻജംഗ്ഷന് വിപരീതമായി വസ്തു നൽകാമെന്ന് പറഞ്ഞു പണം വാങ്ങിയിട്ടില്ല.

(ബി) ഉണ്ട്; പക്ഷേ ഈ പ്രസ്താവന അടിസ്ഥാനരഹിതമാണ്.

(സി)&(ഡി) ചോദ്യം (ബി)യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

25 (988) ട്രഷറി നിയന്ത്രണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലൂടെയുള്ള പണമിടപാടുകളിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) നിയന്ത്രണം ഏർപ്പെടുത്താനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികളിലൂടെയുള്ള പണമിടപാടുകളിൽ പുതുതായി നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

(ബി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly